"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ മുക്കം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. ജോസ് മാത്യൂ, ശ്രീ. എ. മാനുക്കുട്ടൻ എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1474/2025/LSGD തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 03/09/2019 ലെ PAN/27368/2018-D1(DP) നമ്പർ കത്ത്.
2. സർക്കാരിന്റെ 08/12/2022 ലെ ഇപിബി3/311/2019/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസുകൾ.
3. ശ്രീ. ജോസ് മാത്യൂ 08/02/2023 ൽ സമർപ്പിച്ച മറുപടി.
4. ശ്രീ. എ. മാനുക്കുട്ടൻ 17/03/2023 ൽ സമർപ്പിച്ച മറുപടി.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03/09/2024 ലെ LSGD/PD/10639/2023-VIGD4 നമ്പർ കത്ത്.
6. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 20/03/2025 ലെ CTPVIG/1205/24 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ മുക്കം ഗ്രാമപഞ്ചായത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ ആകസ്മിക പരിശോധനയിൽ കെ.എം.സി.ടി മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭിക്കേണ്ടിയിരുന്ന നിരാക്ഷേപ സാക്ഷ്യ പത്രങ്ങളും അംഗീകാരവും കൂടാതെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതായി കണ്ടെത്തിയതിനാൽ പ്രസ്തുത ചട്ട ലംഘനങ്ങൾക്കും ക്രമക്കേടുകൾക്കും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തതിൻ പ്രകാരം കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2). പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച പ്രസ്തുത റിപ്പോർട്ടിൽ, മുക്കം ഗ്രാമപഞ്ചായത്തിലെ കെ.എം.സി.ടി മെഡിക്കൽ കോളേജ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ടൗൺ പ്ലാനിംഗ് വിജിലൻസിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ച 17 കെട്ടിടങ്ങളിൽ ഓഡിറ്റോറിയം ഒഴികെയുള്ള മറ്റു കെട്ടിടങ്ങൾക്കെല്ലാം പഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് വാങ്ങുകയോ റഗുലറൈസ് ചെയ്യുകയോ ചെയ്തതായി കാണുന്നു, ഈ കെട്ടിടങ്ങളിൽ

കെ.എം.സി.ടി മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, കെ.എം.സി.ടി മെഡിക്കൽ കോളേജ് എന്നീ കെട്ടിടങ്ങൾക്ക് മാത്രമേ വിജിലൻസ് റിപ്പോർട്ടിലെ പ്ലിന്ത് ഏരിയയും പെർമിറ്റ് പ്രകാരമുള്ള ഏരിയയും പൊരുത്തപ്പെട്ട് വരുന്നുള്ളൂ, മറ്റെല്ലാ കെട്ടിടങ്ങൾക്കും പെർമിറ്റ് പ്രകാരമുള്ള പ്ലിന്ത് ഏരിയകൾക്കും വിജിലൻസ് റിപ്പോർട്ടിലെ പ്ലിന്ത് ഏരിയയിലും വ്യത്യാസമുള്ളതായി കാണുന്നു, മെഡിക്കൽ കോളേജ്, മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, ആയുർവ്വേദ ഹോസ്പിറ്റൽ എന്നിവയൊഴികെ മറ്റ് കെട്ടിടങ്ങൾക്ക് CTP--യുടെ lay out അപ്പ്രൂവൽ, ഫയർ എൻ.ഒ.സി പിസിബി സർട്ടിഫിക്കറ്റ് എന്നിവ സംബന്ധിച്ച രേഖകളിലില്ല, ഫാർമസി കോളേജ് കെട്ടിട നിർമ്മാണത്തിനായി 24.04.2012-ന് ലഭിച്ച അപേക്ഷയിന്മേൽ 25.4.2012-ന് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്, നഴ്സിംഗ് കോളേജ് കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിനായി 11.08.2008- ന് ലഭിച്ച അപേക്ഷയിന്മേലും ആയുർവ്വേദ മെഡിക്കൽ കോളേജ് കെട്ടിടം റഗുലറൈസ് ചെയ്യുവാനായി 3.7.2012-ൽ ലഭിച്ച അപേക്ഷയിന്മേലും അതാതു ദിവസംതന്നെ റഗുലറൈസ് ചെയ്ത് ഉത്തരവായി, ഓഡിറ്റോറിയം കെട്ടിടത്തിന് അനുമതി നൽകിയ രേഖകൾ ലഭ്യമല്ല എന്നിങ്ങനെയുള്ള അപാകതകൾ റിപ്പോർട്ട് ചെയ്തിരുന്നു. കെ.എം.സി.ടി മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ കെട്ടിടം, കെ.എം.സി.ടി മെഡിക്കൽ കോളേജ്, കെ.എം.സി.ടി ഡെന്റൽ കോളേജിന്റെ കെട്ടിടം, കെ.എം.സി.ടി നഴ്സിംഗ് കോളേജ് കെട്ടിടം, കെ.എം.സി.ടി കോമ്പൗണ്ടിലെ ഒരു സ്റ്റാഫ് ക്വാർട്ടേഴ്സ്, Basement floor G.F, FF, S.F എന്നിവ ഉൾപ്പെടുന്ന മൊത്തം 2084.56 $M^2$ പ്ലിന്ത് ഏരിയയുള്ള ക്വാർട്ടേഴ്സ്, ലേഡീസ് ഹോസ്റ്റൽ എന്നിവയ്ക്ക് സി.ടി.പി യുടെ Layout അപ്പ്രൂവലോ ഫയർ എൻ.ഒ.സിയോ സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയോ കൂടാതെ കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവത്ക്കരണ ഉത്തരവ് നല്കിയത് മുക്കം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോസ് മാത്യുവും, കെ.എം.സി.ടി ഡെന്റൽ കോളേജ്, കെ.എം.സി.ടി ഫാർമസി കോളേജ് എന്നിവയ്ക്ക് കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവത്ക്കരണ ഉത്തരവ് നല്കിയത് മുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം.കെ.അബ്ദുറഹിമാനും, കെ.എം.സി.ടി. ഡെന്റൽ കോളേജ് എഡ്യൂക്കേഷൻ ബിൽഡിംഗ്, കെ.എം.സി.ടി മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ മറ്റൊരു സ്റ്റാഫ് ക്വാർട്ടേഴ്സ്, പ്രിൻസിപ്പൽ ക്വാർട്ടേഴ്സും സ്റ്റാഫ് ക്വാർട്ടേഴ്സും, ബോയ്സ് ഹോസ്റ്റൽ കെട്ടിടം, ലേഡീസ് ഹോസ്റ്റൽ നമ്പർ 1 എന്നിവയ്ക്ക് കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവത്ക്കരണ ഉത്തരവ് നല്കിയത് സെക്രട്ടറി ശ്രീ. എ. മാനുക്കുട്ടനും കെ.എം.സി.ടി ആയുർവേദ മെഡിക്കൽ കോളേജ് ബിൽഡിംഗ് നിർമ്മാണം റഗുലറൈസ് ചെയ്തത് സെക്രട്ടറി ശ്രീ.എ.പി. സനൽകുമാറുമാണെന്നും ടി ക്രമക്കേടുകൾക്കുത്തരവാദിയായവരിൽ സേവനത്തിൽ നിന്നും വിരമിച്ചവരായ മുൻ സെക്രട്ടറിമാരായ ശ്രീ.ജോസ് മാത്യു, ശ്രീ.എം.കെ.അബ്ദുറഹ്മാൻ, ശ്രീ. എ. മാനുകുട്ടൻ എന്നിവർക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 3 പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3) 31/05/2016ൽ സേവനത്തിൽ നിന്ന വിരമിച്ച ശ്രീ. അബ്ദുൾ റഹിമാൻ 23.06.2021- ൽ മരണപ്പെട്ടതായും, 30/11/2013-ൽ സേവനത്തിൽ നിന്ന് വിരമിച്ച ശ്രീ.ജോസ് മാത്യുവിനും 31/03/2006 ലും സേവനത്തിൽ നിന്ന് വിരമിച്ച ശ്രീ.മാനുക്കുട്ടനും മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ വിരമിച്ച മുൻ സെക്രട്ടറിമാരായ ശ്രീ. ജോസ്മാത്യു, ശ്രീ. മാനുകുട്ടൻ എന്നിവർക്കെതിരെ KSR Part III Rule 59(d) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ സ്ഥിരമായി കുറയ്ക്കാൻ തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ

നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

4) പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന്, ശ്രീ.ജോസ് മാത്യു പരാമർശം (3) പ്രകാരം സമർപ്പിച്ച മറുപടിയിൽ, 1998 മുതൽ ആണ് കെ.എം.സി.ടി. യുടെ വകയായുള്ള മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള നിരവധി കെട്ടിടങ്ങൾ പ്രവർത്തനമാരംഭിച്ചതെന്നും, അനധികൃത കെട്ടിടങ്ങൾ നിർമ്മിക്കുകയും കെട്ടിട നമ്പരുകൾ പോലും ഇല്ലാതെ പ്രവർത്തിക്കുകയും ചെയ്ത കാലഘട്ടത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട നികുതി ലഭ്യമാക്കാൻ വേണ്ടി മുക്കം പഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ കെ.എം.സി.ടി. മാനേജ്മെന്റിന് നിരന്തരം നോട്ടീസുകൾ നൽകിയിരുന്നുവെന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ലേ ഔട്ട് അപ്രൂവലും, ഫയർ NOC യും ഹാജരാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി പെർമിറ്റ്/റെഗുലറൈസേഷൻ അനുമതി നൽകിയത് എന്നും അറിയിക്കുകയുണ്ടായി.

5) കെ.എം.സി.ടി. മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ ആദ്യം കിട്ടിയ കെട്ടിട നമ്പർ ഉപയോഗിച്ച് നിരവധി കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ വാങ്ങിയതായും, പ്ലാൻ സമർപ്പിക്കാതെയും, നികുതി ചുമത്താതെയും പ്രവർത്തിക്കുകയുമാണെന്ന് അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ പലതവണ പ്ലാൻ സമർപ്പിക്കുന്നതിന് നോട്ടീസ് നൽകിയതിനുശേഷമാണ് പ്ലാനുകളും ലേ ഔട്ട് അപ്രൂവലും, ഫയൽ എൻ.ഒ.സി. യും സമർപ്പിച്ചതെന്നും തുടർന്ന് നിർമ്മാണം ക്രമവൽക്കരിച്ച് CTP- യുടെ അംഗീകാരം വാങ്ങുമെന്ന നിബന്ധനയ്ക്ക് വിധേയമായി നികുതി ഈടാക്കുകയാണുണ്ടായതെന്നും, നിലവിൽ പഞ്ചായത്തിന് ഏറ്റവും കൂടുതൽ നികുതി ഈ സ്ഥാപനങ്ങളിൽ നിന്നുമാണ് ലഭിക്കുന്നത് എന്നും ശ്രീ.മാനുകുട്ടൻ പരാമർശം (4) പ്രകാരം സമർപ്പിച്ച മറുപടിയിൽ ബോധിപ്പിച്ചിരുന്നു.

6) മേൽ മറുപടികളിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*ശ്രീ. എ. മാനുക്കുട്ടൻ മുക്കം ഗ്രാമപഞ്ചായത്തിൽ 2000 മുതൽ 2006 മാർച്ച് 31 വരെയാണ് ജോലി ചെയ്തിരുന്നത് എന്നും 1998 ലാണ് കെ.എം.സി.ടി. എന്ന സ്വകാര്യ ട്രസ്റ്റ് മുക്കം പഞ്ചായത്തിലെ മണാശ്ശേരി എന്ന സ്ഥലത്ത് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ നിർമ്മിച്ചു തുടങ്ങിയത് എന്നും ആദ്യം കിട്ടിയ കെട്ടിട നമ്പർ ഉപയോഗിച്ച് അവരുടെ ഉടമസ്ഥതയിലുള്ള മുഴുവൻ കെട്ടിടങ്ങൾക്കും വൈദ്യുതി കണക്ഷൻ വാങ്ങുകയും പ്ലാനുകൾ സമർപ്പിക്കാതെയും നികുതി അടക്കാതെയും പ്രവർത്തിക്കുകയായിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പല പ്രാവശ്യം നോട്ടിസ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് പ്ലാനുകൾ സമർപ്പിച്ചതെന്നുമുള്ള ശ്രീ. എ. മാനുക്കുട്ടന്റെ മറുപടി വാസ്തവമാണ്. പഞ്ചായത്തിന് ഏറ്റവും കൂടുതൽ നികുതി ലഭിക്കുന്നത് പ്രസ്തുത സ്ഥാപനത്തിൽ നിന്നാണ് എന്നത് ശരിയാണ്. എന്നാൽ ലേ ഔട്ട് അപ്രൂവലും, ഫയർ NOC യും ഹാജരാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി പെർമിറ്റ്/റെഗുലറൈസേഷൻ അനുവദിച്ചത് ശരിയല്ലെന്ന് വിലയിരുത്തുന്നു. പ്രസ്തുത കാലത്ത് നിബന്ധനയോടെ പെർമിറ്റ് നൽകുന്ന അവസ്ഥയുണ്ടായിരുന്നു. ആയതിനാലാണ് തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പിന്റെ 22/8/2014 തീയതിയിലെ 46871/RA1/2014/LSGD പ്രകാരം പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പ് നിരാക്ഷേപ പത്രം വാങ്ങിയിരിക്കണം എന്ന സർക്കുലർ*

*പുറപ്പെടുവിച്ചിരുന്നത്. ടിയാൻ വിരമിച്ചിട്ട് 18 വർഷങ്ങൾ കഴിഞ്ഞു. സീനിയർ സിറ്റിസൺ എന്ന നിലയ്ക്കും പ്രായാധിക്യത്താലും, മറ്റു രോഗങ്ങൾ അലട്ടുന്ന വ്യക്തിയെന്ന നിലയിലും ടിയാന്റെ മറുപടി പരിഗണിക്കാവുന്നതാണ്.*

*ശ്രീ. ജോസ് മാത്യു മുക്കം ഗ്രാമപഞ്ചായത്തിൽ 2006 മുതൽ 2010 വരെയുള്ള കാലയളവിലാണ് ജോലി ചെയ്തിരുന്നതെന്നും, 1998 ലാണ് കെ.എം.സി.ടി. എന്ന സ്വകാര്യ ട്രസ്റ്റ് മുക്കം പഞ്ചായത്തിലെ മണാശ്ശേരി എന്ന സ്ഥലത്ത് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ നിർമ്മിച്ചു തുടങ്ങിയതെന്നും, ആദ്യം കിട്ടിയ കെട്ടിട നമ്പർ ഉപയോഗിച്ച് അവരുടെ ഉടമസ്ഥതയിലുള്ള മുഴുവൻ കെട്ടിടങ്ങൾക്കും വൈദ്യുതി കണക്ഷൻ വാങ്ങുകയും പ്ലാനുകൾ സമർപ്പിക്കാതെയും നികുതി അടക്കാതെയും പ്രവർത്തിക്കുകയായിരുന്നുവെന്നും ടിയാൻ മുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേറ്റ ശേഷം കെ.എം.സി.ടി. മാനേജ്മെന്റിന് നിരന്തരം നോട്ടീസുകൾ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് പ്ലാനുകൾ സമർപ്പിച്ചതെന്നുമുള്ള ശ്രീ.ജോസ് മാത്യുവിന്റെ വാദങ്ങൾ ശരിയാണ്. എന്നാൽ ലേ ഔട്ട് അപ്രൂവലും, ഫയർ NOC യും ഹാജരാക്കണമെന്ന നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ്/റെഗുലറേഷൻ അനുവദിച്ചത് ശരിയല്ല. മുക്കം നഗരസഭയുടെ റവന്യൂ വിഭാഗത്തിൽ പരിശോധന നടത്തിയതിൽ മെഡിക്കൽ കോളേജ് 20957.20 20, നഴ്സിംഗ് കോളേജ് & സ്കൂൾ 5447.07 M$^2$ തുടങ്ങിയ 13 കെട്ടിടങ്ങൾക്ക് പുതുക്കിയ ഒക്യുപെൻസി സർട്ടിഫിക്കറ്റ് മുക്കം നഗരസഭാ സെക്രട്ടറി അനുവദിച്ചിട്ടുണ്ട്. ശ്രീ.ജോസ് മാത്യു വിരമിച്ചത് 30/11/2013 തീയതിയിലാണ്. മേൽ സാഹചര്യത്തിൽ, ടിയാന്റെ മറുപടിയും അനുകൂലമായി പരിഗണിക്കാവുന്നതാണ്.*

7) തുടർന്ന്, ഈ വിഷയത്തിൽ ചീഫ് ടൗൺ പ്ലാനർ പരാമർശം (6) പ്രകാരം ചുവടെ ചേർത്തിട്ടുള്ള പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

*കെട്ടിട നിർമ്മാണ അനുമതി നൽകുന്ന കാലയളവിൽ പഞ്ചായത്തിൽ എഞ്ചിനീയറിംഗ് വിംഗ് നിലവിലുണ്ടായിരുന്നുവെങ്കിലും സാങ്കേതിക ഉപദേശം തേടിയിരുന്നില്ല. വിദ്യാഭ്യാസ സമുച്ചയം നിർമ്മാണം നടത്തുന്നതിന് സംസ്ഥാന അഗ്നി സുരക്ഷാ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, ടൗൺ പ്ലാനിംഗ് വകുപ്പ്, SIEAA യുടെ പാരിസ്ഥിതികാനുമതി, മൈനിംഗ് & ജിയോളജി വകുപ്പ് മുതലായവയുടെ മുൻകൂർ അനുമതി ആവശ്യമാണ്. ആയത് ലഭ്യമാക്കാതെ അനുമതി നൽകിയത് ക്രമവിരുദ്ധമാണ്. പരാമർശിത സ്ഥലത്ത് ഒരേ സമയം ഒന്നിലധികം പെർമിറ്റുകൾ നൽകിയിട്ടുള്ളത് ക്രമവിരുദ്ധമാണ്. ആയതിനാൽ ടിയാളുകളെ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കുന്നത് തെറ്റായ സന്ദേശം നൽകും എന്നതിനാൽ, ഉചിതമല്ല.*

8. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രഥമ ദൃഷ്ട്യാ കെ.എം.സി.ടി. മെഡിക്കൽ കോളേജ് എന്ന ബൃഹത് സംരംഭത്തിന്റെ ഉടമകൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാൻ തയ്യാറായിരുന്നില്ല എന്ന് വ്യക്തമാണ്. എന്നാൽ കുറ്റാരോപിതരായ ജീവനക്കാർ ചട്ട ലംഘനത്തിനെതിരെ നോട്ടീസ് നൽകിയിട്ടുള്ളതും വ്യവസ്ഥകൾക്ക് വിധേയമായുമാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളതും ആയത് ക്രമവൽക്കരിച്ചിട്ടുള്ളതും എന്ന് നിരീക്ഷിക്കുന്നു. കെട്ടിട നിർമ്മാണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ ടിയാളുകളുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായിട്ടുണ്ട് എന്നത് വിസ്മരിക്കാനാവില്ലെങ്കിലും ഇപ്രകാരം

ക്രമവൽക്കരണത്തിലൂടെ പഞ്ചായത്തിന് സാമ്പത്തിക നഷ്ടമൊന്നുമുണ്ടായിട്ടില്ലെന്നതും കെട്ടിട നികുതി ഇനത്തിലും, തൊഴിൽ നികുതി ഇനത്തിലും ഈ സ്ഥാപനങ്ങളിൽ നിന്ന് പഞ്ചായത്തിന് വരുമാനമുണ്ടാകുന്നു എന്നത് ശ്രദ്ധേയമാണ്. മേൽപ്രകാരമുള്ള റിപ്പോർട്ടുകൾ പരിശോധിച്ച് 31/03/2006, 30/11/2013 തീയതികളിൽ സേവനത്തിൽ നിന്ന് വിരമിച്ചവരും വാർദ്ധക്യ സഹജമായ രോഗപീഡകളാൽ അവശതയനുഭവിക്കുന്നവരുമായ കോഴിക്കോട് ജില്ലയിലെ മുക്കം ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിമാരായ യഥാക്രമം ശ്രീ.മാനുകുട്ടൻ എ., ശ്രീ.ജോസ് മാത്യു എന്നിവർക്കെതിരെ KSR Part III Rule 59(d) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്ന് 500/-രൂപ സ്ഥിരമായി കുറവ് ചെയ്യാനെടുത്ത തീരുമാനം റദ്ദ് ചെയ്ത് ടിയാളുകൾക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ജീവനക്കാർ *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.
5. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവന്തപുരം.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/311/2019/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 16-06-2025 21:38:25**

സെക്ഷൻ ഓഫീസർ